എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്തെ പൊതുക്കടം

19[2628] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. എഫ്. സർക്കാരിന്റെ 5 വർഷത്തെ പൊതുക്കടം എത്ര ആയിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പലിശ ഇനത്തിൽ ഈ സർക്കാർ പ്രതിവർഷം കൊടുക്കേണ്ടിവന്ന തുക എത്ര?

ഉത്തരം

(എ) 1996-2001 കാലയളവിൽ പൊതുക്കടത്തിൽ 13805.46 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) വിവിധ ഡെപ്പോസിറ്റുകൾക്കും ലോണുകൾക്കും നിയമാനുസൃതമായ പലിശ കാലാകാലങ്ങളിൽ യഥാസമയം അടച്ചുവരുന്നുണ്ട്.

മേൽ പ്രസ്താവിച്ച തുകയ്ക്ക് മാത്രമായിട്ട് നല്കിയ പലിശയുടെ തനതായ കണക്കുകൾ പ്രത്യേകമായി ലഭ്യമല്ല. ഇത് വിവിധ ഏജൻസികളിൽനിന്നും, കേന്ദ്ര സർക്കാരിൽനിന്നും വായ്പയായും, ട്രഷറി സേവിംഗ്സ് ബാങ്ക്, പ്രോവിഡന്റ് ഫണ്ട് മുതലായവയിലുള്ള ഡെപ്പോസിറ്റായും സ്വരൂപിച്ചതാണ്. ഇവയുടെ തിരിച്ചടവിനുള്ള വ്യവസ്ഥകൾ പ്രകാരം തിരിച്ചടവും പലിശ നൽകലും കൃത്യമായി നടത്തിവരുന്നു. ഈ കാലയളവിൽ സ്വരൂപിച്ച തുകകൾക്ക് മാത്രമായി നൽകിയ പലിശയുടെ കണക്കുകൾ പ്രത്യേകമായി ലഭ്യമല്ല.

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ

20 [2629] ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് നിയോഗിച്ച ശമ്പളക്കമ്മീഷന്റെ ഘടനയും ടേംസ് ഓഫ് റഫറൻസും എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷനെ നിയമിച്ചത് എന്നാണ് എന്നും എത്ര കാലയളവിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഏത് തീയതി മുതൽ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന് തൊട്ട് മുമ്പ് ശമ്പളക്കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയത് എന്നുമുതലാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) അതിന് എത്ര രൂപയുടെ അധികബാദ്ധ്യത ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ശമ്പള പരിഷ്കരണ നടപടികൾ വൈകുന്ന സാഹചര്യത്തിൽ ഇടക്കാലാശ്വാസം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. ആർ. നാരായണൻ ചെയർമാനും, ശ്രീ. സി. എം. രാധാകൃഷ്ണൻ നായർ, ശ്രീ. എ. കെ. തോമസ് എന്നിവർ അംഗങ്ങളായും ശ്രീമതി പി. ചന്ദ്രമതിയമ്മ മെമ്പർ സെക്രട്ടറിയായും ഒരു നാലംഗ കമ്മീഷനെയാണ് സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളപരിഷ്കരണത്തിനായി സർക്കാർ 14-3-2005-ലെ ഉത്തരവ് നമ്പർ എം. എസ്. 115/2005/ധന. പ്രകാരം നിയമിച്ചിട്ടുള്ളത്.

കമ്മീഷന്റെ പരിശോധനാ വിഷയങ്ങൾ താഴെപ്പറയുന്നവയാണ്:

1. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഉൾപ്പെടെ ഉള്ള സർക്കാർ ജീവനക്കാർ, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പാർട്ട് ടൈം ജീവനക്കാർ ഉൾപ്പെടെ ഉള്ള അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷണർമാർ എന്നിവരുടെ ആനുകൂല്യങ്ങൾ പരിശോധിച്ച് അവ പരിഷ്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക.

2. മേൽപ്പറഞ്ഞ വിഭാഗം ജീവനക്കാരുടെ വേതനഘടന, ഉദ്യോഗ കയറ്റത്തിനുള്ള അവസരങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ പരിശോധിച്ച് മാറ്റങ്ങൾ ഏതു തീയതി മുതലാണ് വേണ്ടതെന്ന് നിർദ്ദേശിക്കുക. കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്നതും എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭിക്കാത്തതുമായ ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുക. കേന്ദ്രസർക്കാർ ജീവനക്കാർക്ക് ഇല്ലാത്തതും, എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്നതുമായ ആനുകൂല്യങ്ങൾ തുടരേണ്ടതുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു പരിധിവരെയെന്നും ഏതു കാലഘട്ടം വരെയെന്നും പരിശോധിക്കുക.

3. നിലവിലുള്ള സിവിൽ സർവ്വീസ് സംവിധാനം പരിശോധിച്ച് അതിന്റെ കാര്യക്ഷമതയും സാമൂഹിക പ്രതിബദ്ധതയും വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

4. ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

(ബി) 14-3-2005-ൽ സർക്കാർ ഉത്തരവ് നം. 115/2005/ധന തീയതി 14-3-2005 പ്രകാരം കമ്മീഷൻ നിയമിക്കപ്പെട്ടു. 31-12-2005-നു മുമ്പ് റിപ്പോർട്ട് സമർപ്പിക്കുവാനാണ് കമ്മീഷനു നൽകിയിരിക്കുന്ന നിർദ്ദേശം.

(സി) ഏതു തീയതി മുതൽ ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്ന് ശമ്പള പരിഷ്കരണ കമ്മീഷൻ പരിശോധിച്ച് ശുപാർശ ചെയ്യുന്നതാണ്.

(ഡി) 1-3-1997 മുതലാണ് ഇതിനു തൊട്ടുമുമ്പുള്ള ശമ്പളകമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1200 കോടിയിലധികം രൂപ 1997-ലെ ശമ്പള പരിഷ്കരണത്തിനു വേണ്ടി ചെലവായിട്ടുണ്ടെന്നു കണക്കാക്കുന്നു.

(എഫ്, ജി) ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് അഭിപ്രായം സമർപ്പിക്കുന്നതും കമ്മീഷന്റെ പരിശോധനാ വിഷയത്തിൽ ഉൾപ്പെടുന്നു.

ധനകാര്യ പരിശോധനാ വിഭാഗം

21 [2630] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ പരിശോധനാ വിഭാഗം ഏത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും തുടർന്ന് സ്വീകരിച്ച നടപടികളുടേയും വിശദാംശങ്ങൾ വകുപ്പ് തിരിച്ച് പറയാമോ;

(ബി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലുകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് നിശ്ചിത കാലപരിധിക്കുള്ളിൽ സർക്കാരിന് സമർപ്പിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലുകൾ ഗൗരവ പൂർവ്വം പരിഗണിച്ച് മേൽ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3789.

ക്രമക്കേട് കണ്ടെത്തിയ വകുപ്പുകൾ:

പട്ടികജാതി-പട്ടിക വർഗ്ഗ വികസനം
വിദ്യാഭ്യാസം
റവന്യൂ
കൃഷി
ജലവിഭവം
തദ്ദേശസ്വയംഭരണം
നികുതി
ഗതാഗതം
ആരോഗ്യം
വ്യവസായം
തൊഴിൽ
പൊതുമരാമത്ത്
ആഭ്യന്തരം
ടൂറിസം
സാമൂഹ്യക്ഷേമം
ഉന്നത വിദ്യാഭ്യാസം
മൃഗസംരക്ഷണം
അച്ചടി വകുപ്പ്
ട്രഷറി
ഭവന നിർമ്മാണം
പുരാവസ്തു സംരക്ഷണം
ആസൂത്രണം

LIBRARY ARCHIVES Kerala Legislative Assembly